(ബി) അടയ്ക്കായുടെ പ്രതിവർഷ ഉല്പാദനം എത്ര ;

(സി) വില ഇടിവുകാരണം ബുദ്ധിമുട്ടനുഭവിക്കുന്ന അടയ്ക്കാ കർഷകരെ സഹായിക്കാൻ സംസ്ഥാന ഗവൺമെൻറ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 1984-85 വർഷത്തിൽ 59090 ഹെക്ടർ സ്ഥലത്ത് അടയ്ക്കാ കൃഷി ചെയ്തു.

(ബി) 1984-85 വർഷത്തിൽ 8589 ദശലക്ഷം അടയ്ക്കാ ഉല്പാദിപ്പിച്ചു.

(സി) ഇല്ല.

ഒറ്റശേഖരമംഗലത്തേയും ചെമ്പൂരിലേയും കൃഷിവകുപ്പിന്റെ കെട്ടിടങ്ങൾ

622 [842] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒറ്റശേഖരമംഗലത്ത് ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒറ്റശേഖരമംഗലത്തെ കൃഷിവികസന ആഫീസിന് പ്രതിവർഷം കൊടുത്തു വരുന്ന വാടക എത്ര ?

ഉത്തരം

പ്രതിമാസം 326 രൂപാ നിരക്കിൽ 3,912 രൂപ പ്രതിവർഷം വാടക കൊടുക്കുന്നുണ്ട്.

തൃശ്ശൂരിലെ കോൾ കർഷകർക്കും കുട്ടനാട്ടിലെ കായൽ കൃഷിക്കാർക്കും കൊടുത്തുതീരുവാനുള്ള കുടിശ്ശിക

623 [843] ശ്രീ. കെ. പി. പ്രഭാകരൻ :
,, എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പിംഗ് സബ്സിഡി ഇനത്തിൽ തൃശ്ശൂരിലെ കോൾ കർഷകർക്കും കുട്ടനാട്ടിലെ കായൽ കൃഷിക്കാർക്കും 1984-85, 1985-86 വർഷങ്ങളിൽ കൊടുത്തു തീർക്കാൻ കുടിശ്ശികയായിട്ടുള്ള സംഖ്യ എത്ര ;

(ബി) അത് കൊടുത്തു തീർക്കാൻ 1986-87-ലെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 232 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

(ബി) 165 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. കൂടുതൽ സംഖ്യ ലഭിക്കാനായി നടപടികളെടുത്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly